# ദൈവം ഈ ഭൂമിയിൽ തന്റെ വേലക്കുവേണ്ടി തകർക്കപ്പെട്ട മനുഷ്യരുടെ മേൽ ആശ്രിതനാകുന്നു.

സാക് പുന്നൻ

WFTW 22 ഡിസംബർ 2013

ജനിക്കുന്ന എല്ലാ ആൺകുഞ്ഞുങ്ങളെയും കൊന്നുകളയണമെന്ന് ഫറവോൻ കല്പന പുറപ്പെടുവിച്ചതുകൊണ്ടാണ് മോശയുടെ അമ്മ അവനെ ഒരു ചെറിയ കുട്ടയിലാക്കി, ദൈവത്തോട് ഒരു പ്രാർത്ഥനയോടുകൂടി നദിയിൽ ഒഴുക്കി വിട്ടത് എന്ന് നാം പുറപ്പാട് 1:22 ൽ കാണുന്നു. ഈ തിന്മയായ രാജശാസനത്തിന് അല്ലായിരുന്നെങ്കിൽ അങ്ങനെയൊരുകാര്യം ഒരിക്കലും അവൾ ചെയ്യുകയില്ലായിരുന്നു. എന്നാൽ അവൾ അങ്ങനെ ചെയ്തതുകൊണ്ട് മോശെ ഫറവോന്റെ പുത്രിയാൽ എടുക്കപ്പെടുകയും ഫറവോന്റെ കൊട്ടാരത്തിൽ വളരുകയും ചെയ്തു. മോശെ തന്റെ ജീവിതത്തിലെ ആദ്യത്തെ 40 വർഷം പരിശീലിക്കപ്പെടുവാൻ ദൈവം ആവശ്യപ്പെട്ട സ്ഥാനം ഇതായിരുന്നു. ഫറവോൻ ഇത്ര തിന്മയായ ഒരു നിയമം നടപ്പിലാക്കിയിരുന്നില്ലെങ്കിൽ അങ്ങനെ സംഭവിക്കുകയില്ലായിരുന്നു, അപ്പോൾ മോശെയും മറ്റൊരു അടിമയായി വളർന്നു വരുമായിരുന്നു. സാത്താൻ ചെയ്യുന്ന കാര്യങ്ങളിലൂടെ ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾ പൂർത്തീകരിക്കപ്പെടുന്നത് എങ്ങനെയാണെന്ന് നിങ്ങൾ കാണുന്നുണ്ടോ?

സഭയുടെ ചരിത്രത്തിലും നാം കാണുന്ന ഒരു മഹത്തായ പാഠം ഇവിടെ നമുക്കെല്ലാവർക്കും വേണ്ടിയുണ്ട്. ദൈവത്തിന് തന്റെ ജനത്തിനുവേണ്ടി എന്തെങ്കിലും ചെയ്യാൻ ആവശ്യമുള്ളപ്പോൾ, താൻ എപ്പോഴും ഒരു മനുഷ്യനെക്കൊണ്ട് തുടങ്ങുന്നു. ഇസ്രയേൽ ജനത്തെ വിടുവിക്കാൻ കഴിയുന്നതിനുമുൻപ് അതിനു യോജ്യനായ ഒരു മനുഷ്യനെ ദൈവത്തിനു കണ്ടുപിടിക്കണമായിരുന്നു. ആ മനുഷ്യന്റെ അഭ്യസനത്തിന് 80 വർഷം, അത് പാണ്ഡിത്യം സംബന്ധിച്ചുള്ള അഭ്യസനം മാത്രമായിരുന്നില്ല. മോശെ അഭ്യസിക്കപ്പെട്ടത് ഈജിപ്റ്റിലെ ഏറ്റവും നല്ല കലാശാലയിൽ ആയിരുന്നു. എന്നാൽ അതവനെ ദൈവത്തിന്റെ വേലയ്ക്ക് യോഗ്യനാക്കിയില്ല. അപ്പോ പ്ര: 7ൽ സ്തെഫാനോസ് പറയുന്നു. മോശെ വാക്കിലും പ്രവൃത്തിയിലും ശക്തനായിരുന്നു എന്ന്. 40 വയസ്സായപ്പോൾ അവൻ ശക്തനായ ഒരു പുരുഷനും വാക്ചാതുര്യമുള്ള ഒരു പ്രസംഗിയുമായിരുന്നു. അദ്ദേഹം ഒരു വലിയ സേനാനായകനായിരുന്നു, ഒരു വലിയ ധനികൻ ആയിരുന്നു. ലോകത്തിലെ ഏറ്റവും പുരോഗതി പ്രാപിച്ച രാജ്യത്തിലെ, ഏറ്റവും നല്ല വിദ്യാഭ്യസത്താൽ അഭ്യസിക്കപ്പെട്ടവനും ആയിരുന്നു കാരണം ആ കാലത്ത് ലോകത്തിലെ ഏക അതിശക്തരാഷ്ട്രം ഈജിപ്തായിരുന്നു. ഇതെല്ലാം കഴിഞ്ഞിട്ടും അവൻ ദൈവത്തെ സേവിക്കുവാൻ അയോഗ്യനായിരുന്നു. സ്തെഫാനോസ് പറയുന്നത് ഇസ്രയേല്യർ, തങ്ങളെ വിടുവിക്കുവാനായി ദൈവം എഴുന്നേല്പിച്ച ഒരുവനായി തന്നെ അംഗീകരിക്കുമെന്ന് മോശ കരുതി എന്നാണ്. എന്നാൽ അവർ മോശയെ അവരുടെ നേതാവായി അംഗീകരിച്ചില്ല. ദൈവം മോശെയ്ക്കുവേണ്ടി ഒരുക്കിയിരുന്ന പ്രവർത്തനത്തിനായി അവനെ സന്നദ്ധനാക്കുവാൻ അവന്റെ ഭൗമീകമായ ഒരു പ്രശസ്തിക്കും, കഴിവുകൾക്കും സാധിച്ചില്ല.

ഇന്ന് അനേകം ക്രിസ്ത്യാനികളും ചിന്തിക്കുന്നത് തങ്ങൾക്ക് വേദവചനപരിജ്ഞാനം, സംഗീതപാഠവം, ധാരാളം പണം ഇവ ഉള്ളതുകൊണ്ട് അവർക്ക് ദൈവത്തെ സേവിക്കാമെന്നാണ്. എന്നാൽ അവർ തെറ്റായി ധരിച്ചിരിക്കുകയാണ്. അവർ മോശെയുടെ ജീവിതത്തിൽ നിന്ന് ഒരു പാഠം പഠിക്കേണ്ട ആവശ്യമുണ്ട്. 40 വർഷം ഈ ലോകം അവനു കൊടുത്ത അതിന്റെ ഏറ്റവും നല്ലതിന് അവനെ ദൈവത്തിന്റെ ശുശ്രൂഷയ്ക്കായി സന്നദ്ധനാക്കാൻ കഴിഞ്ഞില്ല. അവനെ സജ്ജനാക്കാൻ ദൈവത്തിന് മറ്റൊരു 40 വർഷം വിജനപ്രദേശത്തു കൂടി, കൊട്ടാരത്തിൽ നിന്ന് തികച്ചും വ്യത്യസ്തമായ ഒരു പരിതസ്ഥിതിയിലൂടെ നടത്തേണ്ടി വന്നു. അവന്റെ മാനുഷികശക്തിയിൽ നിന്ന് അവൻ വിച്ഛേദിക്കപ്പെടേണ്ടിയിരുന്നു. 40 വർഷത്തേയ്ക്ക് അമ്മായപ്പന്റെ ആടുകളെ നോക്കുവാനും; അദ്ദേഹത്തിനുവേണ്ടി ജോലി ചെയ്യുവാനും ആക്കുകവഴി ദൈവം ഈ കാര്യം മോശെയിൽ പൂർത്തിയാക്കി. ഒരു പുരുഷന് തന്റെ അമ്മായപ്പന്റെ കൂടെ ഒരുവർഷം പോലും ജീവിക്കുന്നത് അപമാനകരമാണ്. എനിക്കറിയാം ഇന്ത്യയിൽ വിവാഹിതരായ അധികം സ്ത്രീകളും അവരുടെ ജീവിതകാലം മുഴുവനും തങ്ങളുടെ അമ്മായപ്പന്റെ കൂടെയാണ് ജീവിക്കുന്നത്. എന്നാൽ ഒരു പുരുഷൻ തന്റെ ഭാര്യയുടെ അപ്പന്റെ കൂടെ താമസിക്കുകയും അയാൾക്കുവേണ്ടി ജോലി ചെയ്യേണ്ടിയും വന്നാൽ അത് വ്യത്യസ്തമാണ്. ഒരു പുരുഷന് അത് താഴ്ത്തപ്പെടുന്ന ഒരു അനുഭവമായിരിക്കും. എന്നാൽ ദൈവം മോശെയെ തകർത്തത്

അങ്ങനെയാണ്. യാക്കോബിനെ ദൈവം തകർത്തതും അങ്ങനെയാണ് എന്ന് നിങ്ങൾ ഓർക്കുക. അവനും 20 വർഷം തന്റെ അമ്മായപ്പന്റെ കൂടെ ജീവിക്കേണ്ടിവന്നു. ദൈവം തന്റെ മക്കളെ തകർക്കുവാൻ അമ്മായപ്പന്മാരെയും അമ്മായിഅമ്മമാരെയും ഉപയോഗിക്കുന്നു.

ഈജിപ്തിലെ സർവ്വകലാശാലകൾക്ക് മോശെയെ പഠിപ്പിക്കാൻ കഴിയാത്തതെല്ലാം, വിജനപ്രദേശത്ത് തന്റെ അമ്മായപ്പന്റെ ആടുകളെ നോക്കുന്നതിലൂടെയും അദ്ദേഹത്തിനു വേണ്ടി ജോലി ചെയ്യുന്നതിലൂടെയും അവൻ പഠിച്ചു. ഒരു കാലത്ത് വാക്ചാതുര്യമുള്ളവനും, തനിക്ക് ഇസ്രയേൽ ജനത്തെ വിടുവിക്കാൻ കഴിയും എന്ന് ചിന്തിച്ചവനുമായ മോശെ ആ 40 വർഷം അവസാനിച്ചപ്പോൾ പറയുകയാണ് 'കർത്താവേ ഞാൻ അയോഗ്യനാണ്', എനിക്ക് വേണ്ടവിധം സംസാരിക്കാൻ കഴിവില്ല. ദയവു തോന്നി നിന്റെ ജനത്തെ നയിക്കുവാൻ മറ്റാരെയെങ്കിലും അയക്കേണമേ' അത്രമാത്രം അവൻ തകർക്കപ്പെട്ടു. അപ്പോഴാണ് ദൈവം പറഞ്ഞത് ' ഒടുവിൽ നീ തയ്യാറായിരിക്കുന്നു. ഞാൻ ഇപ്പോൾ നിന്നെ ഫറവോന്റെ അടുക്കൽ അയയ്ക്കും' (പുറപ്പാട് 4: 10 17).

യാക്കോബിൽ നിന്നും മോശെയിൽ നിന്നും നാം പഠിക്കുന്ന പാഠം എന്താണ്? ഇത്രമാത്രം 'നിങ്ങൾ തയ്യാറായിട്ടുണ്ടെന്ന് നിങ്ങൾ ചിന്തിക്കുന്പോൾ നിങ്ങൾ ആയിട്ടില്ല'. നിങ്ങൾ കഴിവുള്ളവരാണ്, നിങ്ങൾ ശക്തരാണ്, നിങ്ങൾക്ക് അറിവുണ്ട്, നിങ്ങൾക്ക് സംസാരിക്കാനും, പാടാനും, സംഗീത ഉപകരണങ്ങൾ വായിക്കുവാനും, ദൈവത്തിനു വേണ്ടി അതിശയകരമായ കാര്യങ്ങൾ ചെയ്യാനും കഴിയും എന്ന് നിങ്ങൾ വിചാരിക്കുന്പോൾ ദൈവം പറയുന്നു. 'നിങ്ങൾ അയോഗ്യനാണ്. നീ തകർക്കപ്പെടുന്നതുവരെ ഞാൻ കാത്തിരിക്കേണ്ടിയിരിക്കുന്നു. യാക്കോബിന്റെ കാര്യത്തിൽ ഈ പ്രക്രിയയ്ക്ക് 20 വർഷം എടുത്തു, മോശെയ്ക്ക് 40 വർഷം എടുത്തു, പത്രോസിന് 3 വർഷം എടുത്തു, പൗലോസിന് കുറഞ്ഞത് 3 വർഷം. നമ്മുടെ കാര്യത്തിൽ എത്രനാൾ എടുക്കും. അത് എത്ര പെട്ടെന്ന് നാം ദൈവത്തിന്റെ ശക്തിയുള്ള കരത്തിന്റെ കീഴിൽ അടങ്ങിയിരിക്കാൻ പഠിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു.

സ്കൂളിൽ ഒന്നാം ക്ലാസ്സ് മുതൽ 12മത്തെ ക്ലാസ്സ് വരെ കടക്കുവാൻ എത്രനാൾ എടുക്കുന്നു?.12 വർഷം? അതെ ഒരോ വർഷവും നിങ്ങൾ ജയിക്കുകയാണെങ്കിൽ, എന്നാൽ 12 ക്ലാസ്സുകൾ പൂർത്തിയാക്കുവാൻ 16 വർഷം എടുത്തിട്ടുള്ള കുഞ്ഞുങ്ങളെ എനിക്കറിയാം. ഒരു അഞ്ചു വർഷ വൈദ്യശാസ്ത്ര പഠനം പൂർത്തീയാക്കാൻ എത്രനാൾ എടുത്തു എന്നുള്ളത്, അവൻ എത്രവേഗം അവന്റെ പാഠങ്ങൾ പഠിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. ക്രിസ്തീയ ജീവിതത്തിലും അത് അങ്ങനെതന്നെയാണ്.

പുറപ്പാട് 12:40 ൽ ഇങ്ങനെ പറയുന്നു. 'ഇസ്രായേൽ മക്കൾ മിസ്രയീമിൽ കഴിച്ച പരദേശവാസം 430 സംവത്സരമായിരുന്നു' എന്നു വരികിലും ദൈവം അബ്രഹാമിനോടു സംസാരിച്ചപ്പോൾ പറഞ്ഞത് അവന്റെ സന്തതി സ്വന്തമല്ലാത്ത ദേശത്ത് കേവലം 400 സംവത്സരം പാർക്കും എന്നായിരുന്നു. ( ഉൽപത്തി 15: 13) പക്ഷേ ഇവിടെ നാം വായിക്കുന്നത് വാസ്തവത്തിൽ അവർ 430 വർഷം അവിടെ ആയിരുന്നു എന്നാണ്. ദൈവത്തിന് എന്തെങ്കിലും പിശക് പറ്റിയോ? ഇല്ല തന്റെ സമയ പട്ടികയിൽ ദൈവം വളരെ കൃത്യമാണ്. ദൈവം ഒരിക്കലും ഒരു പിശക് ഉണ്ടാക്കാറില്ല. ദൈവം അബ്രഹാമിനോട് സംസാരിച്ചപ്പോൾ ഇസ്രായേല്യർക്കുവേണ്ടിയുള്ള തന്റെ പൂർണ്ണമായ ഇഷ്ടം അവർ ജൗജിപ്തിൽ 400 വർഷം ആയിരിക്കണമെന്നതായിരുന്നു. പിന്നെ എന്തുകൊണ്ട് അവർ 30 വർഷം അധികം അവിടെ പാർക്കേണ്ടി വന്നു?. ഇതിന്റെ ഉത്തരം കണ്ടുപിടിക്കുവാൻ നമുക്ക് മറ്റൊരു ഉദാഹരണം എടുക്കാം. ദൈവം ഇസ്രായേല്യരെ ഈജിപ്തിൽ നിന്നും പുറത്തു കൊണ്ടുവന്നപ്പോൾ അവർ 2 വർഷം മാത്രം മരുഭൂമിയിലായിരിക്കണമെന്നായിരുന്നു ദൈവത്തിന്റെ പദ്ധതി. എന്നാൽ യഥാർത്ഥത്തിൽ അവർ എത്രവർഷം മരുഭൂമിയിൽ ചെലവഴിച്ചു? 40 വർഷം ( ആവർത്തനം. 2:14 കാണുക) ദൈവം നിങ്ങളെ 2 വർഷംകൊണ്ട് തകർക്കാൻ പദ്ധതി ഇട്ടെന്നുവരാം. എങ്കിലും അത് യഥാർത്ഥത്തിൽ 40 വർഷം എടുക്കാം. നീ മാനസാന്തരപ്പെട്ട 2 വർഷത്തിനുശേഷം നിന്നെ ഉപയോഗിച്ചു തുടങ്ങാനായിരിക്കാം ദൈവം ആഗ്രഹിച്ചത്. ഈ കാര്യങ്ങളെല്ലാം നീ എത്ര വേഗത്തിൽ തകർക്കപ്പെടുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. അതുപോലെ ഇത്രയേലിനു വേണ്ടിയുള്ള ദൈവത്തിന്റെ പദ്ധതിയും 400 വർഷം അവർ ഈജിപ്തിൽ പാർക്കണമെന്നായിരുന്നു. എന്നാൽ 430 വർഷം അവർ അവിടെ പാർക്കേണ്ടി വന്നു.

ഞാൻ വിശ്വസിക്കുന്നത് അതിന്റെ കാരണം, അവരുടെ നേതാവായ മോശെ അപ്പോഴും തയ്യാറായിട്ടില്ലായിരുന്നു എന്നാണ് മോശെ 40മത്തെ വയസ്സിൽ ഈജിപ്തിൽ നിന്നും പുറപ്പെട്ടപ്പോൾ ദൈവം,

അവനെ വനാന്തരത്തിൽ തന്റെ അമ്മായപ്പന്റെ കൂടെയുള്ള, ഒരു 10 വർഷപഠന പരമ്പരയിലൂടെ തകർക്കാൻ ആഗ്രഹിച്ചു. അങ്ങനെയായാൽ 50മത്തെ വയസ്സിൽ ഇസ്രയേലിന്റെ നായകനാകുവാൻ വേണ്ടി അവന് തയ്യാറാകാൻ കഴിയും. എന്നാൽ മോശെ 10 വർഷം കൊണ്ട് അവന്റെ പാഠങ്ങൾ പഠിച്ചില്ല. മോശെ വേണ്ടവിധം തകർക്കപ്പെടേണ്ടതിന്, അവന്റെ അമ്മായപ്പൻ അവനെ കുറച്ചുകൂടി താഴ്ത്തേണ്ടിവന്നു. ആ 10 വർഷപഠനപരമ്പര പൂർത്തിയാക്കുവാൻ മോശെ 40 വർഷം എടുത്തു. അതുകൊണ്ട് ഇസ്രയേല്യർക്ക് 30 വർഷം കൂടുതൽ കാത്തിരിക്കേണ്ടിവന്നു. ദൈവം ഈ ഭൂമിയിലെ തന്റെ വേലയ്ക്കായി, തകർക്കപ്പെട്ട മനുഷ്യരുടെ മേൽ ആശ്രിതനാകുന്നു.

ഇതിൽ നമുക്ക് വേണ്ടി ഒരുസന്ദേശവും, ഒരു മുന്നറിയിപ്പും ഉണ്ട്. ദൈവത്തിന് നിങ്ങളുടെ ജീവിതത്തിനായി ഒരു പദ്ധതി ഉണ്ടായിരിക്കും. എന്നാൽ നിങ്ങൾ തകർക്കപ്പെടുന്നതുവരെ ഒരിക്കലും അത് നിറവേറ്റപ്പെടുകയില്ല. നിന്നിൽ 10 വർഷം കൊണ്ട് ചെയ്യാൻ അവിടുന്ന് പദ്ധതിയിട്ടിരിക്കുന്നതിന് 40 വർഷം എടുത്തേക്കാം. അതുകൊണ്ട് ദൈവത്തിന്റെ ബലമുള്ള കരത്തിന്റെ കീഴിൽ നമ്മെത്തന്നെ താഴ്ത്തുന്നതിൽ തിടുക്കമുള്ളവരായിരിക്കുന്നത് ആണ് നല്ലത് നമ്മുടെ വഴികളിൽ അവൻ അയയ്ക്കുന്ന സാഹചര്യങ്ങളെയാണ് ഇത് സൂചിപ്പിക്കുന്നത്.

വിലാപങ്ങൾ 3: 27 പറയുന്നു. 'ബാല്യത്തിൽ നുകം ചുമക്കുന്നത് (അവൻ തന്നെത്താൻ താഴ്ത്തുകയും, നുറുക്കപ്പെടുകയും ചെയ്യുന്നത്) ഒരു പുരുഷന് നല്ലത്'. നിങ്ങൾ യൗവ്വനപ്രായത്തിലായിരിക്കുമ്പോൾ നിങ്ങളെ തകർക്കാൻ ദൈവത്തെ അനുവദിക്കുക. ദൈവം നിങ്ങളുടെ ജീവിതത്തിലനുവദിക്കുന്ന സാഹചര്യങ്ങളോട് എതിർക്കാതിരിക്കുക, കാരണം അത് ദൈവത്തിന്റെ പദ്ധതിയെ താമസിപ്പിക്കുകയേ ഉള്ളൂ. നിങ്ങളുടെ വേദപുസ്തക പരിജ്ഞാനം, സംഗീതപാഠവം, പണം, ഇവയ്ക്കൊന്നും ദൈവത്തിന്റെ ശുശ്രൂഷയ്ക്കായി നിങ്ങളെ സജ്ജരാക്കാൻ കഴിയില്ല. തകർച്ച(നുറുക്കം)യാണ് അത്യന്താപേക്ഷിതം. യാക്കോബ് തകർക്കപ്പെട്ടപ്പോൾ മാത്രമാണ് അവന് ഇസ്രയേൽ ആകാൻ കഴിഞ്ഞത് മോശെയ്ക്ക് ഒരു നേതാവും പ്രവാചകനും ആകാൻ കഴിഞ്ഞത് അവൻ തകർക്കപ്പെട്ടപ്പോൾ മാത്രമാണ്.

(മൊഴിമാറ്റം: സൂസമ്മ ജേക്കബ്, ആലപ്പുഴ)